1. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ അഭിസംബോധനയിൻമേലുള്ള നന്ദിപ്രമേയം പാർലമെൻറിൻറെ ഇരുസഭകളിലും ഇന്ന് ചർച്ചയ്ക്ക് എടുത്തു. പ്രതിപക്ഷ ബഹളത്തെത്തുടർന്ന് ലോക്സഭ ഇന്നത്തേക്ക് പിരിഞ്ഞു.

2. കേരളത്തിലെ റെയിൽവേ വികസനത്തിന് 3,795 കോടി രൂപ അനുവദിച്ചതായി കേന്ദ്ര മന്ത്രി അശ്വനി വൈഷ്ണവ്. 11 വർഷത്തിനിടെ കേരളത്തിനായി പത്തിരട്ടി ബജറ്റിൽ വകയിരുത്തിയതായും കേന്ദ്ര മന്ത്രി.

3. നിയമസഭയിൽ ബജറ്റ് ചർച്ചയ്ക്ക് തുടക്കമായി. അടിയന്തര പ്രമേയ നോട്ടീസ് സ്പീക്കർ തള്ളിയതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭ ബഹിഷ്കരിച്ചു. ബജറ്റ് ചർച്ച നാളെയും തുടരും.

4. തൊണ്ടി മുതൽ തിരി മറി ക്കേസിൽ മുൻ മന്ത്രി ആന്റണി രാജുവിൻറെ ശിക്ഷാ വിധി താത്കാലികമായി മരവിപ്പിച്ച് തിരുവനന്തപുരം ജില്ലാ സെഷൻസ് കോടതി. നിയമസഭാംഗത്വത്തിനുള്ള അയോഗ്യത നിലനിൽക്കും.

RNU TVPM

5. യാത്രക്കാർക്കായി ഹൈഡ്രജൻ ബസുകൾ നിരത്തിലിറക്കുന്ന രാജ്യത്തെ ആദ്യ വിമാനത്താവളമാകാൻ സിയാൽ. പദ്ധതിയുമായി ബന്ധപ്പെട്ട ധാരണാപത്രം മന്ത്രിമാരായ പി.രാജീവും കെ. കൃഷ്ണൻകുട്ടിയും തമ്മിൽ കൈമാറി.

6. സന്തോഷ് ട്രോഫി ഫുട്ബോൾ ക്വാർട്ടർ ഫൈനലിൽ നാളെ കേരളം അസമുമായി ഏറ്റുമുട്ടും.

❁❁❁❁❁❁❁❁❁❁❁❁❁

<u>പാർലമെൻറ് നന്ദിപ്രമേയ ചർച്ച</u>

രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ അഭിസംബോധനയിൻമേലുള്ള നന്ദിപ്രമേയ ചർച്ച പാർലമെന്റിന്റെ ഇരുസഭകളിലും ഇന്ന് ചർച്ചയ്ക്ക് എടുത്തു. ലോക്സഭയിൽ ആകെ പതിനെട്ട് മണിക്കൂറും രാജ്യസഭയിൽ പതിനാറു മണിക്കൂറുമാണ് ചർച്ചയ്ക്ക് സമയം അനുവദിച്ചിട്ടുള്ളത്. രാജ്യത്തിന്റെ ഭാവിക്ക് പ്രചോദനാത്മകമായ ദർശനമാണ് രാഷ്ട്രപതിയുടെ പ്രസംഗം നൽകിയതെന്ന് ലോക്സഭയിൽ പ്രമേയം അവതരിപ്പിച്ചുകൊണ്ട് കേന്ദ്രമന്ത്രിയും ബിജെപി എംപിയുമായ സർബാനന്ദ സോനോവാൾ പറഞ്ഞു. മുൻ കരസേനാ മേധാവി എം എം നരവനെയുടെ പ്രസിദ്ധീകരിക്കാത്ത പുസ്തകവുമായി ബന്ധപ്പെട്ട് പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി നടത്തിയ പരാമർശത്തിലുണ്ടായ ബഹളത്തെത്തുടർന്ന് രണ്ടു തവണ നിർത്തിവച്ച ലോക്സഭ ഇന്നത്തേക്ക് പിരിഞ്ഞു. സഭയുടെ നടപടിക്രമങ്ങളുമായി ബന്ധമില്ലാത്ത പുസ്തകമോ വാർത്താ റിപ്പോർട്ടോ വായിക്കരുതെന്ന് സ്പീക്കർ ഓം ബിർള റൂളിംഗിൽ പറഞ്ഞു. രാഷ്ട്രപതിയുടെ പ്രസംഗത്തിനുള്ള നന്ദി പ്രമേയ ചർച്ചയുമായി ബന്ധപ്പെട്ട് വിഷയം സംസാരിക്കാനും സ്പീക്കർ നിർദേശിച്ചു . വാസ്തവവിരുദ്ധമായ കാര്യങ്ങൾ

RIU TVPM

പറഞ്ഞ് രാഹുൽ ഗാന്ധി സഭയെ തെറ്റിദ്ധരിപ്പിക്കുകയാണെന്ന് രാജ്യരക്ഷാമന്ത്രി മന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു. രാഹുൽ ഗാന്ധി സഭയുടെ നിയമങ്ങൾ ലംഘിച്ചുവെന്നും അദ്ദേഹം രാജ്യത്തോട് മാപ്പ് പറയണമെന്നും പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു പറഞ്ഞു.

രാജ്യസഭയിൽ ബി ജെ പി അംഗം സി. സദാനന്ദൻ മാസ്റ്റർ നന്ദിപ്രമേയം അവതരിപ്പിച്ചു. വികസിത ഭാരതത്തിലേക്കുള്ള ഇന്ത്യയുടെ യാത്രകളെക്കുറിച്ച് വ്യക്തവും ആത്മവിശ്വാസമുള്ളതുമായ കാഴ്ചപ്പാടാണ് രാഷ്ട്രപതിയുടെ അഭിസംബോധനയിലൂടെ പങ്കുവച്ചിരിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. ബിജെപിയുടെ ഡോ മേധാ വിശ്രാം കുൽക്കർണി , കോൺഗ്രസിൻറെ ദിഗ്‌വിജയ് സിങ് ,ടി എം സി യുടെ സാഗരിക ഘോസെ തുടങ്ങിയവരും ചർച്ചയിൽ പങ്കെടുത്തു .

RNU TVPM

<u>അശ്വിനി വൈഷ്ണവ് (ഇൻട്രോ)</u>

കേരളത്തിലെ റെയിൽവേ വികസനത്തിന് 3795 കോടി രൂപ അനുവദിച്ചതായി റെയിൽവേ മന്ത്രി അശ്വനി വൈഷ്ണവ്. ബജറ്റിൽ റെയിൽവേക്കായുള്ള വകയിരുത്തലുകളെ കുറിച്ച് നടത്തിയ വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം . 2009-14 കാലത്തേക്കാൾ പത്തിരട്ടി വകയിരുത്തലാണ് കേരളത്തിനായി നടത്തിയിട്ടുള്ളതെന്നും അദ്ദേഹം പറഞ്ഞു. 2,989 കോടി രൂപയാണ് സംസ്ഥാനത്തെ സ്റ്റേഷനുകളുടെ ആധുനീകവൽക്കരണത്തിനായി അനുവദിച്ചിട്ടുള്ളത്. ഗുരുവായൂർ-തിരുനാവായ പാതയ്ക്കായി സ്ഥലമേറ്റെടുക്കാൻ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

(മന്ത്രി അശ്വനി വൈഷ്ണവ് വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

## നിയമസഭ (ഇൻട്രോ)

നിയമസഭയിൽ ഇന്നും പ്രതിപക്ഷ ബഹളം. അടിയന്തര പ്രമേയ നോട്ടീസ് സ്പീക്കർ തള്ളിയതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭ ബഹിഷ്കരിച്ചു.നടപടികൾ പൂർത്തിയാക്കി ഇന്നത്തേക്ക് പിരിഞ്ഞ സഭ നാളെ രാവിലെ 9 ന് വീണ്ടും ചേരും. ഇന്ന് ആരംഭിച്ച ബജറ്റ് ചർച്ച നാളെയും മറ്റന്നാളും തുടരും. **വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്......**

❁❁❁❁❁❁❁❁❁❁❁❁❁

## അന്തിമ വോട്ടർ പട്ടിക

സംസ്ഥാനത്ത് SIR ൻറെ ഭാഗമായുള്ള അന്തിമ വോട്ടർ പട്ടിക ഈ മാസം 21 ന് പ്രസദ്ധീകരിക്കും. ഇതുവരെ ലഭിച്ച അംഗീകരിക്കപ്പെട്ട അപേക്ഷകൾ ഉൾപ്പെടുത്തിയാകും പട്ടിക പ്രസദ്ധീകരിക്കുന്നതെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു. കേൽക്കർ അറിയിച്ചു. പട്ടികയുമായി ബന്ധപ്പെട്ട അവകാശവാദങ്ങളും പരാതികളും സമർപ്പിക്കാനുള്ള സമയപരിധി അവസാനിച്ചെങ്കിലും പൊതുജനങ്ങൾക്ക് തുടർന്നും അപേക്ഷകൾ സമർപ്പിക്കാൻ അവസരമുണ്ടാകുമെന്നും അദ്ദേഹം വ്യക്തമാക്കി.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## ഹൈഡ്രജൻ ബസുകൾ -സിയാൽ

യാത്രക്കാർക്കായി ഹൈഡ്രജൻ ബസുകൾ നിരത്തിലിറക്കുന്ന രാജ്യത്തെ ആദ്യ വിമാനത്താവളമാകാൻ സിയാൽ. ഇതിനായി കേരള ഹൈഡ്രജൻ വാലി ഇന്നൊവേഷൻ ക്ലസ്റ്റർ ഫൗണ്ടേഷനും സിയാലും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചു. സിയാലിൽ നടന്ന

ചടങ്ങിൽ, കേരള ഹൈഡ്രജൻ വാലി ഫൗണ്ടേഷനെ പ്രതിനിധീകരിച്ച് വൈദ്യുതി മന്ത്രിയും അനെർട്ട് ഭരണസമിതി ചെയർമാനുമായ കെ. കൃഷ്ണൻകുട്ടിയും, സിയാൽ ഡയറക്ടറും വ്യവസായ വകുപ്പ് മന്ത്രിയുമായ പി. രാജീവുമാണ് ധാരണാപത്രം കൈമാറിയത്.

❁❁❁❁❁❁❁❁❁❁❁❁❁

## ആന്റണി രാജു

തൊണ്ടി മുതൽ തിരി മറിക്കേസിൽ മുൻ മന്ത്രി ആൻറണി രാജുവിൻറെ ശിക്ഷാ വിധി താത്കാലികമായി മരവിപ്പിച്ചു.

കേസിൽ അന്തിമ വിധി വരും വരെയാണ് ശിക്ഷാ വിധി താത്കാലികമായി മരവിപ്പിച്ചത്. തിരുവനന്തപുരം ജില്ലാ സെഷൻസ് കോടതിയുടേതാണ് വിധി. ശിക്ഷാവിധിക്കെതിരെ ആൻറണി രാജു നൽകിയ ഹർജി പരിഗണിക്കവേയാണ് കോടതിയുടെ നിരീക്ഷണം. ശിക്ഷാ വിധി മരവിപ്പിച്ചെങ്കിലും കുറ്റക്കാരനെന്ന കോടതി വിധിയും നിയമസഭാംഗത്വത്തിനുള്ള അയോഗ്യതയും നിലനിൽക്കും.

RNU TVPM

ഹർജിയിൽ ഈ മാസം 6 ന് കോടതി വിശദമായ വാദം കേൾക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## ആയുർ ആയുർവേദ- കോൺക്ലേവ്(ഇൻട്രോ)

ആയുർവേദ ചികിത്സയുടെ ആഗോള കേന്ദ്രമായി കേരളത്തെ മാറ്റണമെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ്. സംസ്ഥാന ടൂറിസം വകുപ്പും ആയുർവേദ പ്രൊമോഷൻ സൊസൈറ്റിയും സംയുക്തമായി കോഴിക്കോട് നടന്ന പ്രഥമ അന്താരാഷ്ട്ര ആയുർവേദ-വെൽനെസ്സ് ഉച്ചകോടി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി .

**വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു.......**

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

**<u>സന്തോഷ് ട്രോഫി</u>**

സന്തോഷ് ട്രോഫി ഫുട്ബോളിൽ നാളെ നടക്കുന്ന ക്വാർട്ടർ ഫൈനലിൽ ഗ്രൂപ്പ് ചാമ്പ്യന്മാരായ കേരളം അസമിനെ നേരിടും. അസമിലെ സിലാപത്തർ രാജീവ് ഗാന്ധി സ്റ്റേഡിയത്തിലാണ് മത്സരം .

❁❁❁❁❁❁❁❁❁❁❁❁❁

**<u>രാസകുങ്കുമം ശബരിമല</u>**

ശബരിമലയിലെ രാസകുങ്കുമ വിൽപനയുമായി ബന്ധപ്പെട്ട് സ്വമേധയാ എടുത്ത കേസ് അവസാനിപ്പിച്ച് കേരള ഹൈക്കോടതി. തീർത്ഥാടന കാലത്തെ സൗകര്യങ്ങളെക്കുറിച്ച് ശബരിമല സ്പെഷ്യൽ കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ട് പരിഗണിക്കവെയാണ് നടപടി. ജസ്റ്റിസ് രാജ വിജയരാഘവൻ വി, ജസ്റ്റിസ് കെ.വി. ജയകുമാർ എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ചിൻറേതാണ് തീരുമാനം. പേട്ടതുള്ളൽ സമയത്ത് ഭക്തർ കൃത്രിമ വർണ്ണങ്ങളുള്ള കുങ്കുമപൊടി വ്യാപകമായി ഉപയോഗിക്കുന്നത് കോടതിയുടെ ശ്രദ്ധയിൽപ്പെട്ടിരുന്നു. തുടർന്ന്, രാസകുങ്കുമ വിതരണ ശൃംഖലയെക്കുറിച്ച് അന്വേഷിക്കാനും അവ വിൽപന ചെയ്യുന്ന കടകളിൽ പരിശോധന നടത്താനും കോടതി ഉത്തരവിട്ടിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

RNU TVPM

## ശിവകുട്ടി-സുപ്രീംകോടതി

എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് നിലവിൽ താൽക്കാലിക തസ്തികകളിൽ തുടരുന്ന അധ്യാപകരെ സ്ഥിരപ്പെടുത്താൻ സർക്കാർ സുപ്രീം കോടതിയിൽ സമർപ്പിച്ച അപേക്ഷ അധ്യാപക പ്രതിനിധികളുടെ എതിർപ്പുമൂലം കോടതി പരിഗണിച്ചില്ലെന്ന് മന്ത്രി വി ശിവൻകുട്ടി. എൻ.എസ്.എസ് മാനേജ്മെന്റിന് ലഭിച്ച വിധി മറ്റ് മാനേജ്മെന്റുകൾക്കും സമാന രീതിയിൽ ജോലി ചെയ്യുന്ന അധ്യാപകർക്കും ബാധകമാക്കണമെന്ന സർക്കാരിന്റെ അപേക്ഷയാണ് മാറ്റിവച്ചത്.

## ഓഹരി /സ്വർണ വില

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 944 പോയിന്റ് ഉയർന്ന് 81,666 ലും നിഫ്റ്റി 263 പോയിന്റ് നേട്ടത്തിൽ 25,088 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണവില വീണ്ടും കുറഞ്ഞു. ഗ്രാമിന് 13,740 രൂപയും പവന് ഒരു ലക്ഷത്തി 9,920 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

## കീം 2026

2026-27 അധ്യയന വർഷത്തെ കേരള എൻജിനിയറിംഗ്, ഫാർമസി, ആർക്കിടെക്ചർ, മെഡിക്കൽ, മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള കീം 2026 പ്രവേശന പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി ഈ മാസം 6ന് വൈകിട്ട് 5 മണി വരെ നീട്ടി. പ്രവേശനത്തിനായി ഇതിനകം സമർപ്പിച്ച അപേക്ഷയിൽ പുതിയ കോഴ്സുകൾ കൂടി ചേർക്കുന്നതിനുള്ള സൗകര്യം പിന്നീട് ലഭ്യമാക്കും.

വിശദവിവരങ്ങൾക്കായി www.cee.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

RNU TVPM